# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന നയം</u>

992 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന നയത്തിന് കരട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പട്ടിക വിഭാഗങ്ങൾക്കായുള്ള ക്ഷേമവികസന പദ്ധതികൾ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് വികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത നയത്തിന്റെ അന്തിമ രൂപം എന്ന് പുറപ്പെടുവിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
# 08.01.2014–ലെ മറുപടിക്ക്

ഗാന്ധിഗ്രാമം പദ്ധതി

993 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാന്ധി ഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>പട്ടികജാതി വിഭാഗത്തിൽപെട്ട ഭൂരഹിതർ</u>

994 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ എത്രപേർ ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എത്രപേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും അതിന്റെ മറ്റ് വിശദാംശങ്ങളും ജില്ല തിരിച്ച് നൽകാമോ;

(സി) ഭൂരഹിതരായ എല്ലാ പട്ടികജാതി വിഭാഗക്കാർക്കും ഭൂമി വിതരണം പൂർത്തിയാക്കുമെന്ന സർക്കാർ പ്രഖ്യാപനം പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഇ) പട്ടികയിൽ അവശേഷിക്കുന്നവർക്കുള്ള ഭൂമിവിതരണം എപ്പോൾ പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഫണ്ട്</u>

995 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രത്യേക ഘടകപദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായത്തിൽ, പട്ടികജാതി ജില്ലാ ഓഫീസർമാർക്ക് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും സറണ്ടർ ചെയ്ത തുകയുടെയും വിശദാംശങ്ങളും ശതമാനവും ജില്ല തിരിച്ചു ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്ര സഹായത്തിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും സറണ്ടർ ചെയ്ത തുകയുടെയും വിശദാംശങ്ങളും ശതമാനവും ജില്ല തിരിച്ചു ലഭ്യമാക്കുമോ;

(സി) മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്നതിന് അനുവദിച്ച തുകയും. ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പട്ടിക ജാതിക്കാർക്കെതിരെയുള്ള അതിക്രമം തടയാൻ നിയമപ്രകാരം അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങളും ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ചു നൽകുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

പട്ടികജാതി വികസന വകുപ്പിനായി ബഡ്ജറ്റിൽ അനുവദിച്ച തുക

996 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തികവർഷത്തിൽ പട്ടികജാതി വികസന വകുപ്പിനുവേണ്ടി ബജറ്റിൽ വകയിരുത്തിയ തുകയെത്ര; അത് ഏതെല്ലാം പരിപാടികൾക്കായാണ് ചെലവഴിച്ചതെന്നും ഓരോ പരിപാടിയുടെ ചെലവിന്റെ ശതമാനവും വ്യക്തമാക്കുമോ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക, പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ; ഓരോ പദ്ധതിയിലേയും നാളിതുവരെയുള്ള ചെലവിന്റെ ശതമാനവും വ്യക്തമാക്കുമോ ;

(സി) ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിനിയോഗം ത്വരിതപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പട്ടിക ജാതി സർവ്വെ</u>

997 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന വിവരശേഖരണത്തിന് പട്ടിക ജാതി വികസന വകുപ്പ്, കില, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സമഗ്ര സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) എന്നാണ് സർവ്വേ ആരംഭിച്ചത്; എന്നാണ് സർവ്വേ പൂർത്തിയായത്;

(സി) എത്ര പട്ടികജാതി സങ്കേതങ്ങളിലാണ് സർവ്വേ നടത്തിയത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) സർവ്വേയുടെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ സർവ്വേക്കായി പട്ടികജാതി വികസന വകുപ്പ് എത്ര രൂപ ചെലവഴിച്ചു?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പട്ടികജാതിക്കാർക്കുള്ള ക്ഷേമ പദ്ധതി

998 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതിക്കാർക്കായുള്ള ക്ഷേമ പദ്ധതികളുടെ ഫണ്ട് ലാപ്സാകാതിരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

2013-14 ൽ പട്ടികജാതി വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി വകയിരുത്തിയ തുക

999 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷം പട്ടികജാതി വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടിയും മറ്റ് കേന്ദ്ര ധനസഹായ വിഹിതങ്ങളിലുമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) രണ്ടിനങ്ങളിൽ നിന്നും ഇതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പദ്ധതി തുക വിനിയോഗത്തിൽ വീഴ്ച സംഭവിക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പട്ടികജാതിക്കാരുടെ ബാങ്ക് വായ്പാ കുടിശ്ശികകൾ

1000 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ബാങ്കു വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളുന്നതിന്റ പരിധി വർധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) നിലവിൽ എത്ര രൂപ വരെയുള്ള വായ്പയാണ് എഴുതി തള്ളുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പട്ടിക ജാതിക്കാർ നാഷണലൈസ്ഡ് ബാങ്കുകൾ,ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവയിൽ നിന്നും എടുത്ത വായ്പകൾ എഴുതിത്തള്ളുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം നൽകാമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനപദ്ധതി</u>

1001 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായി നൽകുന്ന തുക എത്രയാണ്; മുമ്പുള്ള വിവിധ പദ്ധതികൾ പ്രകാരം തുക അനുവദിക്കപ്പെട്ടതും എന്നാൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതിരുന്നതാലും പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക അനുവദിക്കാനാവില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻപ് ഏതെങ്കിലും പദ്ധതിയിൽ തുക അനുവദിച്ചിട്ടുള്ളതിന്റെ പ്രിൻസിപ്പൽ തുക മാത്രം, ഇപ്പോൾ അനുവദിക്കുന്ന പദ്ധതിയിൽ നിന്ന് തിരിച്ചുപിടിച്ച്, പഴയ ബാദ്ധ്യതകൾ എഴുതിതള്ളിയോ പുതുക്കിയ പദ്ധതി പ്രകാരമുള്ളതുക നൽകുന്നതിന് നടപടി സ്വീകരിച്ചാൽ അനേകം പേർക്ക് മുടങ്ങികിടക്കുന്ന വീട് പണി പൂർത്തികരിക്കാൻ കഴിയും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്</u>

1002 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് നല്കി വന്ന വിദ്യാഭ്യാസ ഗ്രാന്റ് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഗ്രാന്റ് ലഭിക്കുന്നില്ലന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഗ്രാന്റ് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2012, 2013 വർഷങ്ങളിൽ ഗ്രാന്റ് ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ആയത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പട്ടികജാതി വിദ്യാർത്ഥികൾക്ക് മുടങ്ങിപ്പോയ ഗ്രാന്റ് ലഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പൻഡ് വിതരണം

1003 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പൻഡ് മുടങ്ങാതെ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ, എന്തുകൊണ്ട്;

(ബി) പാരലൽ കോളേജുകളിലും പ്രൊഫഷണൽ കോളേജുകളിലുമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് കൃത്യമായി ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പൻഡ്, റ്റ്യൂഷൻ ഫീസ് എന്നിവ ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, വിശദാംശം നൽകുമോ;

(സി) ഇക്കാര്യം പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ഡി) ഭാവിയിൽ ഇപ്രകാരം സംഭവിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിലെ പാവപ്പെട്ട യുവതികൾക്കുള്ള വിവാഹ ധനസഹായം</u>

1004 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ പാവപ്പെട്ട യുവതികൾക്കുള്ള വിവാഹ ധനസഹായം കഴിഞ്ഞ രണ്ടു വർഷമായി വിതരണം ചെയ്യപ്പെട്ടിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടുവർഷത്തെ എത്ര അപേക്ഷകളാണ് വിവിധ ആഫീസുകളിൽ കെട്ടിക്കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പിന്നോക്ക വിഭാഗങ്ങളിലെ നിർധനരായ യുവതികൾക്കുള്ള ധനസഹായം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി യുവതികൾക്കുള്ള വിവാഹ ധനസഹായം</u>

1005 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികൾക്കുള്ള വിവാഹ ധനസഹായം ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര രൂപയാണ് ഇപ്പോൾ നൽകുന്ന ധനസഹായം;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; അപേക്ഷകരുടെ എണ്ണവും ധനസഹായം ലഭിച്ചവരുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; അപേക്ഷകരുടെ എണ്ണവും ധനസഹായം ലഭിച്ചവരുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ധനസഹായത്തിനുള്ള എത്ര അപേക്ഷകളാണ് ഓരോ ജില്ലയിലും ഇപ്പോൾ നിലവിലുള്ളത്; എന്ന് മുതലുള്ള അപേക്ഷകളാണ് കുടിശ്ശികയുള്ളത്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ വിവാഹ ധനസഹായം

1006 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ വിവാഹ ധനസഹായം എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ; ഏത് മാസം മുതലാണ് കുടിശ്ശികയുള്ളത്; ആലപ്പുഴ ജില്ലയിൽ എത്ര അപേക്ഷകർക്ക് വിവാഹ ധനസഹായം നല്കുവാനുണ്ട്; നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എസ്. സി. - എസ്. ടി. വിദ്യാർത്ഥികളുടെ സ്റ്റൈപന്റ്, ലംപ്സം ഗ്രാന്റ് എന്നിവ എത്ര നാളുകളായി കുടിശ്ശികയുണ്ട്; എത്ര തുകയാണ് വിതരണം ചെയ്യാനുള്ളത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിലവാരം

1007 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഹോസറ്റലുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച "റൈറ്റ്സ്" എന്ന സംഘടനയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അടിയന്തിര പുനരുദ്ധാരണ നടപടികൾ ആവശ്യമായ ഹോസ്റ്റലുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ഹോസ്റ്റലുകളുടെ നിലവാരം വിലയിരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പ്രീമെട്രിക് ഹോസ്റ്റല്‍ സൗകര്യം</u>

1008 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്കായുള്ള എത്ര പ്രീമെട്രിക് ഹോസ്റ്റല്‍ നിലവിലുണ്ട്; ജില്ല തിരിച്ച് കണക്ക് നല്‍കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ അവസ്ഥ ദയനീയമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഹോസ്റ്റല്‍ അന്തേവാസികള്‍ക്ക് നല്ല ഭക്ഷണം, സ്റ്റഡിടേബിളുകള്‍, ചെയറുകള്‍, ബെഡ്സ്, ശരിയായ വെളിച്ചം, ഫാന്‍ മുതലായ സൗകര്യങ്ങള്‍ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാന്‍ എന്തു നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രീ-മെട്രിക് ഹോസ്റ്റലുകളില്‍ എത്ര വിദ്യാര്‍ത്ഥികള്‍ അന്തേവാസികളായി ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പ്രീമെട്രിക്ക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ</u>

1009 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ എത്ര കുട്ടികൾക്ക് താമസ സൗകര്യം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ എത്ര കുട്ടികളാണ് പ്രീമെട്രിക് ഹോസ്റ്റലുകളിൽ അനുവദനീയമായതിൽ കൂടുതലുള്ളത് എന്ന് ഹോസ്റ്റൽ തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) അധികമുള്ള കുട്ടികൾക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമ പദ്ധതി</u>

1010 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കായി സ്വയം പര്യാപ്ത ഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര പട്ടികജാതി കോളനികൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്;

(ഡി) പദ്ധതിയനുസരിച്ച് ഓരോ കോളനിക്കും എത്ര രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

'സ്വയംപര്യാപ്ത ഗ്രാമം' എന്ന പദ്ധതി

1011 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്വയംപര്യാപ്ത ഗ്രാമം' എന്ന പദ്ധതിയിലേക്ക് എം.എൽ.എ മാർ പട്ടികജാതി കോളനികൾ നിർദ്ദേശിച്ചാലും ഉത്തരവിറങ്ങാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി പൂർത്തീകരണത്തെ ഈ കാലതാമസം ബാധിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം 2012-13, 2013-14 വർഷങ്ങളിൽ അനുവദിക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുന്ദമംഗലം മണ്ഡലത്തിലെ സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങള്‍</u>

1012 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തില്‍ 'സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങള്‍' പദ്ധതിയില്‍ ഏതെല്ലാം കോളനികളെയാണ് ഉള്‍പ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്താന്‍ അര്‍ഹതയുള്ള എത്ര കോളനികള്‍ കൂടി മണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളനികളെക്കൂടി പദ്ധതിയില്‍ ഉള്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത പട്ടിക ജാതി സങ്കേതങ്ങൾ</u>

1013 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടിക ജാതി സങ്കേതങ്ങൾ പദ്ധതി പ്രകാരം കോഴിക്കോട് കാട്ടുവയൽ കോളനിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി കോളനിയിൽ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം</u>

1014 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള തസ്തികകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത ഒഴിവുകൾ എന്നേക്ക് നികത്തുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പെരിങ്ങോം-വയക്കര പഞ്ചായത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

1015 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം-വയക്കര പഞ്ചായത്തിൽ ആരംഭിക്കാൻ തീരുമാനിച്ചിരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന് ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം നീക്കിവെച്ച, പെരിങ്ങോം വില്ലേജിലെ ഭൂമി കൈമാറി കിട്ടുന്നതിനുവേണ്ടി ബന്ധപ്പെട്ട അധികാരികൾ റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭൂമി കൈമാറ്റം സംബന്ധിച്ച അപേക്ഷയിൽ എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

1016 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ എവിടെയാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ വാടകകെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്നും എങ്കിൽ വാടക തുക എത്രയാണ് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളിനുവേണ്ടി പേരാമ്പ്ര മണ്ഡലത്തിൽ ഭൂമി വാങ്ങിയിരുന്നോ; എങ്കിൽ എത്ര ഭൂമി വാങ്ങിയിട്ടുണ്ടെന്നും എപ്പോഴാണ് വാങ്ങിയത് എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയിൽ സ്കൂളിന് കെട്ടിടം പണിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) സ്കൂളിന് കെട്ടിടം പണിയാൻ സ്വന്തം ഭൂമിയുള്ളപ്പോൾ ഇതേ ആവശ്യത്തിന് കോഴിക്കോട് ജില്ലയിലെ മറ്റേതെങ്കിലും ഭാഗത്ത് ഭൂമി വാങ്ങിയിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്നും അത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം</u>

1017 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മുൻ സർക്കാർ അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള കാലതാമസത്തിനുള്ള കാരണങ്ങളും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനും അതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ വർഷം തന്നെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കി കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക</u>

1018 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ എത്ര പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ 2011-12, 2012-13, വർഷങ്ങളിൽ എത്ര വിദ്യാർത്ഥികൾ പഠിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രീ പ്രൈമറി എഡ്യുക്കേഷനുവേണ്ടി 2010-11 മുതൽ 2013-14 വരെ എത്ര ലക്ഷം രൂപ 2225-01-192-50, 2225-01-196-50, 2225-01-198-50, 2225-01 192-50, 2225-01-191-50 എന്നീ ശീർഷകങ്ങളിൽ വകകൊളളിച്ചിരുന്നുവെന്നും അതിൽ എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) തുക ലാപ്സായെങ്കിൽ അതിനുളള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പിലെ സ്റ്റാഫ് പാറ്റേൺ</u>

1019 ശ്രീ. പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്നാണ് നിശ്ചയിച്ചത്;

(ബി) സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ജോലി ഭാരം എത്ര ശതമാനം വർധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജോലിഭാരം വർധിച്ചത് കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ആനുകൂല്യങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും ആനുകൂല്യങ്ങൾ യഥാസമയം അർഹരായവർക്ക് എത്തിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പട്ടാമ്പി താലൂക്ക് വെൽഫയർ ഓഫീസ്

1020 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, പട്ടാമ്പിയിൽ ഒരു താലൂക്ക് വെൽഫയർ ഓഫീസ് (എസ്.സി) രൂപീകരിക്കുന്ന കാര്യം ഉടൻ പരിഗണിക്കുമോ;

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വിജ്ഞാനവാടി

1021 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകൾ "വിജ്ഞാനവാടി"യായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) വിജ്ഞാനവാടിയായി പ്രഖ്യാപിക്കപ്പെട്ട കമ്മ്യൂണിറ്റി ഹാളുകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കക്കോടി പഞ്ചായത്തിലെ 3-ാം വാർഡിലെ പട്ടികജാതി കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ 'വിജ്ഞാനവാടി'യായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ മാതൃകാ പട്ടികജാതി സങ്കേതങ്ങൾ</u>

1022 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം പട്ടികജാതി കോളനികളാണ് മാതൃകാ സങ്കേതങ്ങളാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; താലൂക്ക്തല വിശദാംശം നൽകുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി - പിന്നോക്ക വകുപ്പിന്റെ അടൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ</u>

1023 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി - പിന്നോക്ക സമുദായ വകുപ്പ് അടൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നുള്ള വിവരങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>അടൂരിൽ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങിയതിലെ അപാകത</u>

1024 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നഗരസഭയിൽ പട്ടികജാതിക്കാർക്ക് വാസഗൃഹം നിർമ്മിക്കാൻ നഗരസഭ വാങ്ങിനൽകിയ ഭൂമി ചതുപ്പുനിലമായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) അതിനായി എന്തുതുക ചെലവഴിച്ചു; ആരൊക്കെയാണ് ഈ തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ക്രമക്കേടും തട്ടിപ്പും നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

നടുക്കോളനി എസ്.സി. ശ്മശാനത്തിന്റെ നവീകരണം

1025 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ നിലീശ്വരം ഗ്രാമപഞ്ചായത്തിലെ നടുക്കോളനി ശ്മശാനത്തിന്റെ നവീകരണത്തിന് കോർപ്പസ് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഈ പദ്ധതിയ്ക്കായി തുക അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് മെഡിക്കൽ കോളേജ്</u>

1026 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച പാലക്കാട് മെഡിക്കൽ കോളേജ് സർക്കാർ മേഖലയിലാണോ സ്വകാര്യ മേഖലയിലാണോ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ കോളേജിന്റെ പൂർണ്ണമായ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിലെ പ്രവേശന മാതൃക സംബന്ധിച്ച വിവരങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ്</u>

1027 ശ്രീ. ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്
,, വർക്കല കഹാർ
,, എ. പി. അബ്ദുള്ളക്കുട്ടി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പിന്നോക്ക വിഭാഗ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തുവാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പിന്റെ കീഴിൽ ഏതെല്ലാം തലത്തിലാണ് ഓഫീസുകൾ തുടങ്ങുവാനുദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ പ്രവർത്തനം</u>

1028 ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. ദാസൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പിന്നോക്ക സമുദായക്ഷേമ വകുപ്പ് വഴി വിതരണം ചെയ്യേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ മൂന്നിലൊന്നു മാത്രമേ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളൂ എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥർ നിലവിലുണ്ടോ; മാനദണ്ഡപ്രകാരം എത്ര പേർ വേണമെന്നാണ് കണക്കാക്കിയിരിക്കുന്നത്; എത്ര പേരാണ് നിലവിലുള്ളത്;

(സി) ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പിന്നോക്കസമുദായ യുവജനക്ഷേമം</u>

1029 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, എം. എ. വാഹീദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്കാരായ യുവതിയുവാക്കൾക്ക് സർക്കാർ സർവ്വീസിലും സ്വകാര്യമേഖലയിലും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

പിന്നോക്ക വികസന കോർപ്പറേഷൻ നൽകുന്ന വ്യക്തിഗത വായ്പകൾ

1030 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന കോർപ്പറേഷൻ വ്യക്തികൾക്ക് നൽകുന്ന വായ്പകളുടെ വിശദവിവരം നൽകുമോ;

(ബി) പരമാവധി എത്ര രൂപയാണ് വായ്പ നൽകുന്നത്; അതിനായി എന്തെല്ലാം ഈടാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(സി) വായ്പ നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) വായ്പയിൻമേലുള്ള ഈടിന്റെ വ്യവസ്ഥകൾ ലഘൂകരിച്ച് അപേക്ഷിക്കുന്ന എല്ലാവർക്കും വായ്പ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗ കോർപ്പറേഷൻ മുഖേനയുള്ള വായ്പ</u>

1031 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്കവിഭാഗ കോർപ്പറേഷൻ മുഖേന തൊഴിൽവായ്പ/വിദ്യാഭ്യാസ വായ്പ/ മൈക്രോ ക്രെഡിറ്റ് വായ്പ/വിവാഹ വായ്പ എന്നിവ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അത് സംബന്ധിച്ച് നാളിതുവരെയുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) വായ്പ അനുവദിക്കുന്നതിനായി കോർപ്പറേഷന് മൂലധന ഗ്രാന്റായി 2013-14 ബജറ്റിൽ 10 കോടി രൂപ വകകൊള്ളിച്ചതിൽ, 30-11-2013 വരെ എത്ര ശതമാനം തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പഠന നിലവാരം</u>

1032 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി അനുവദിച്ച ഫണ്ട് ഉദ്യോഗസ്ഥ കെടുകാര്യസ്ഥതയിൽ പാഴാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൊഫഷണൽ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ പണിയുന്നതിന് കേന്ദ്രം എത്ര തുക അനുവദിച്ചു; എത്ര തുക വിനിയോഗിച്ചു; വിശദമാക്കുമോ;

(സി) മത്സരപ്പരീക്ഷകളിൽ വിജയം ലക്ഷ്യമിട്ട് ഒ. ബി. സി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചത് എതെല്ലാം പത്രപ്പരസ്യങ്ങളിലൂടെയായിരുന്നു;

(ഡി) പരസ്യം ക്ഷണിച്ച തീയതിയും അപേക്ഷ നൽകേണ്ടിയിരുന്ന തീയതിയും എതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പോസ്റ്റ്മെട്രിക് ഹോസ്റ്റല്‍ - കേന്ദ്ര സഹായം</u>

1033 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-2013, 2013-2014 വര്‍ഷങ്ങളില്‍ പിന്നോക്ക വിഭാഗങ്ങളില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകള്‍ സ്ഥാപിക്കുന്നതിന് ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതില്‍ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ;

(സി) കേന്ദ്രവിഹിതം ചെലവഴിക്കാത്ത കാരണത്താല്‍ അനുബന്ധ ഫണ്ട് ലാപ്സായിട്ടുണ്ടോ ;

(ഡി) എങ്കില്‍ ആയതിന്റെ കാരണം വിശദമാക്കുമോ; .

(ഇ) 2013-2014-ലെ സംസ്ഥാന ബഡ്ജറ്റില്‍ വകകൊള്ളിച്ച എട്ട് കോടി രൂപയില്‍ എത്ര തുക ചെലവഴിച്ചുവെന്നും ആയത് എതെല്ലാം ഇനത്തിലാണെന്നും വെളിപ്പെടുത്തുമോ ;

(എഫ്) നിലവില്‍ എവിടെയെല്ലാം എത്ര പോസ്റ്റ് മെട്രിക് ഹോസ്റ്റലുകള്‍ ഉണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ജി) അടൂര്‍ മണ്ഡലത്തില്‍ പിന്നോക്ക വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റല്‍ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പിന്നോക്ക വികസന വകുപ്പ് വിതരണം ചെയ്യേണ്ടിയിരുന്ന തുക പാഴായ സാഹചര്യം</u>

1034 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന സൗകര്യങ്ങൾ നിഷേധിച്ച നടപടിമൂലം പിന്നോക്ക വികസന വകുപ്പ് വഴി വിതരണം ചെയ്യേണ്ടിയിരുന്ന തുക പാഴാകാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വേണ്ടത്ര ജീവനക്കാരും, അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ഗൗരവമായ വീഴ്ച സംഭവിച്ചത് എന്തുകൊണ്ടാണ്;

(സി) 2013-14 സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതിനായി വകുപ്പിന് എത്ര തുകയാണ് ലഭിച്ചതെന്നും അതിൽ എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>അഡ്വഞ്ചർ ടൂറിസം</u>

1035 ശ്രീ. എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസത്തിന്റെ പുരോഗതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വാങ്ങിയ ഉപകരണങ്ങൾ നിലവിൽ പ്രവർത്തനയോഗ്യമാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിനായി കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) എങ്കിൽ അതിന്റെ ഘടനയും അതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശവും നൽകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സ്പൈസസ് റൂട്ട് പദ്ധതി</u>

1036 ശ്രീ. വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സ്പൈസസ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) വിനോദ സഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>സോഷ്യൽ ടൂറിസം പദ്ധതി</u>

1037 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ കലാ രൂപങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നവർ ആരൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയ്ക്കുള്ള അധിക കേന്ദ്ര സഹായം</u>

1038 ശ്രീ. പാലോട് രവി
,, അന്‍വര്‍ സാദത്ത്
,, വി. റ്റി. ബല്‍റാം
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ് കണക്കിലെടുത്ത് അധിക കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കേന്ദ്രസര്‍ക്കാരിന്റെ ഏതൊക്കെ പദ്ധതി നടത്തിപ്പിനാണ് മികവ് കാട്ടിയിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പുവഴി ഏതെല്ലാം വിനോദസഞ്ചാരമേഖലകള്‍ക്കാണ് ഗുണം ലഭിച്ചിട്ടുള്ളത് ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ടൂറിസത്തിൽനിന്നുള്ള വരുമാനം

1039 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുളളത്; വിശദമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വരുമാനമാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വരുമാന വർദ്ധനവിനായി, ടൂറിസം മേഖലയുമായി ബന്ധപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ടൂറിസത്തിൽ നിന്നുള്ള വരുമാനം</u>

1040 ശ്രീ. എളമരം കരീം
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ കേരള ടൂറിസത്തിന്റെ പെർഫോമൻസ് വിലയിരുത്തിയിട്ടുണ്ടോ; മുൻ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വ്യത്യാസം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസ്റ്റുകളുടെ വരവിൽ സ്വാഭാവിക വർധന ഉണ്ടാകാതിരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) 2012-13 ൽ സംസ്ഥാന ജി. ഡി. പി. യിൽ ടൂറിസത്തിന്റെ സംഭാവന എത്ര ശതമാനമാണ്;

(ഡി) 2012-13 ലെ വിദേശ ടൂറിസ്റ്റുകളുടെ ആവറേജ് എക്സ്പെന്റിച്ചർ എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; ഇത് 2010-11 ൽ എത്രയായിരുന്നു?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

## ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾ

1041 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-'12ലും 2012-'13ലും 2013-'14 ഇതുവരെയും സംസ്ഥാനം സന്ദർശിച്ച ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ സ്റ്റാറ്റിസ്റ്റിക്സ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ടൂറിസ്റ്റുകളുടെ വരവ് മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം ഇതുവരെയുള്ള കാലയളവിൽ കൂടുതലാണോ കുറവാണോ;

(സി) തന്നാണ്ടിൽ മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതൽ ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ പ്രതീക്ഷിച്ചിരുന്നു;

(ഡി) മുൻ വർഷം ടൂറിസം മാർക്കറ്റിംഗിനായി ചെലവഴിച്ച തുക എത്ര; ഈ വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്ര?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വിസ ഓൺ അറൈവൽ

1042 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിസ ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോയെന്ന് സംസ്ഥാന സർക്കാരിന് അറിയുമോ ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ടൂറിസം പ്രചാരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സംവിധാനത്തിനായി എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ടൂറിസ്റ്റ് വിസ-ഓൺ-അറൈവൽ സംവിധാനം</u>

1043 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രണ്ട് വിമാനത്താവളങ്ങളിൽ ടൂറിസ്റ്റ് വിസ ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നത് ഏത് തീയതി മുതലാണ്;

(ബി) പ്രസ്തുത സംവിധാനം നിലവിൽ വന്നതിനുശേഷം അത് പ്രയോജനപ്പെടുത്തി മാത്രം എത്തിയ ടൂറിസ്റ്റുകൾ എത്രയാണ്; ഏതെല്ലാം രാജ്യങ്ങളിൽ നിന്ന് എത്ര പേർ വീതം; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവല്‍</u>

1044 ശ്രീ. അന്‍വര്‍ സാദത്ത്
,, എ. റ്റി. ജോര്‍ജ്
,, ഷാഫി പറമ്പില്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മുന്‍വര്‍ഷങ്ങളേക്കാള്‍ എന്തെല്ലാം പ്രത്യേകതകളാണ് ഇക്കൊല്ലത്തെ ഫെസ്റ്റിവലില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് ഫെസ്റ്റിവല്‍ നടത്തുന്നത്; വിശദമാക്കുമോ;

(ഡി) ടൂറിസം മേഖലയുടെ ഉണര്‍വിനും, വാണിജ്യ-വ്യാപാരമേഖലയുടെ വളര്‍ച്ചയ്ക്കും ഫെസ്റ്റിവല്‍ എത്രമാത്രം സഹായകരമാകുമെന്നാണു പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ

1045 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ - 7 ഉത്ഘാടനം 2013 ഡിസംബർ 1 ന് തീരുമാനിച്ചിരുന്നത് മാറ്റി വയ്ക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) 2013 ഡിസംബർ 1 ന് ആരംഭിക്കുന്നതിനായി പരസ്യഇനത്തിലും മറ്റു സംവിധാനങ്ങൾ ഒരുക്കുന്നതിനും എത്ര തുക ചെലവായി;

(സി) പ്രസ്തുത ഫെസ്റ്റിവലിലൂടെ ലക്ഷ്യമിടുന്ന ബിസിനസ്സ് പ്രമോഷൻ നടപടികൾ എന്തെല്ലാമാണ്;

(ഡി) ഇതിനായി ഒരു വിഭാഗത്തെ മാത്രമായി രജിസ്ട്രേഷൻ ചുമതല ഏൽപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവല്‍-ഉദ്ദേശ്യലക്ഷ്യങ്ങള്‍

1046 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവല്‍ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളില്‍ നിന്നു വ്യതിചലിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എല്ലാ വര്‍ഷവും ആ സീസണില്‍ ഫെസ്റ്റിവല്‍ എന്ന കാഴ്ചപ്പാട് തുടക്കംമുതലേ ഉണ്ടായിരുന്നുവോ; ഈ വര്‍ഷം അത് മാറിയത് എന്തുകൊണ്ടാണ്;

(ബി) വാറ്റ് രജിസ്ട്രേഷനുള്ള എത്ര കച്ചവടക്കാരുണ്ട്; അവരില്‍ എത്ര ശതമാനം പേര്‍ ജി.കെ.എസ്.എഫില്‍ പങ്കെടുക്കുന്നുണ്ട്; ബില്ല് നല്കാതെ വിപണനം നടത്തുന്നവര്‍ക്ക് ജി.കെ.എസ്.എഫില്‍ അംഗത്വം നല്കിയിട്ടുണ്ടോ; ഇത് ജി.കെ.എസ്.എഫിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ക്ക് വിരുദ്ധവും കൂപ്പണ്‍ വില്പന ഏറ്റെടുത്ത ഏജന്‍സിക്ക് സഹായകരവുമാണോ;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക ഉല്പന്നങ്ങള്‍ വിറ്റഴിക്കാന്‍ തുടക്കംമുതലേ നടത്തിവന്നിരുന്ന ജില്ലാടിസ്ഥാനത്തിലുള്ള വിപണന മേളകള്‍ ഈ വര്‍ഷം നടത്തുകയുണ്ടായോ; പ്രസ്തുത നടപടികള്‍ ജി.കെ.എസ്.എഫിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളില്‍ നിന്നുള്ള വ്യതിചലനമാണന്നറിയാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കൂപ്പണുകൾ</u>

1047 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കൂപ്പണുകൾ അച്ചടിച്ച് വിതരണം ചെയ്യാനുള്ള കരാർ വ്യാപാരി വ്യവസായി ഏകോപന സമിതിയ്ക്ക് നല്കിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കരാർ നല്കുന്നതിനുമുമ്പായി ടെണ്ടർ ക്ഷണിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മുൻകാലങ്ങളിൽ കൂപ്പൺ വിതരണം ചെയ്ത മാർഗ്ഗം ഈ വർഷം തുടരുന്നില്ലെന്ന് തീരുമാനിച്ചത് ആരാണ്; അതിനുള്ള കാരണം എന്തായിരുന്നു;

(ഡി) മുൻവർഷങ്ങളിൽ ഓരോ ഫെസ്റ്റിവൽ സീസണിലും വിതരണം ചെയ്യപ്പെട്ട കൂപ്പണുകൾ എത്രയായിരുന്നു; അത് വഴി ലഭിച്ച കൂപ്പൺ തുക എത്ര വീതമായിരുന്നു?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവല്‍

1048 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവല്‍ ആരംഭിച്ചത് എന്നാണ്;

(ബി) നാളിതുവരെ ഓരോ സാമ്പത്തിക വര്‍ഷവും പ്രസ്തുത ഫെസ്റ്റിവലിനായി എത്ര തുക ബഡ്ജറ്റില്‍ വകയിരുത്തുകയുണ്ടായിട്ടുണ്ട്;

(സി) ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ കഴിഞ്ഞ ഓരോ സീസണുകളില്‍ കച്ചവടസ്ഥാപനങ്ങള്‍ രജിസ്റ്റര്‍ ചെയ്തത് എപ്രകാരമായിരുന്നെന്നു വ്യക്തമാക്കുമോ;

(ഡി) ഒരു വിഭാഗം കച്ചവടക്കാരെ മാത്രം പ്രതിനിധാനം ചെയ്യുന്ന ഏതെങ്കിലും സംഘടനകളെ രജിസ്ട്രേഷന്‍ ചുമതല ഏല്‍പിക്കുന്നത് ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവല്‍ ഏന്ന ആശയത്തിനു എതിരാണെന്നു കരുതുന്നുണ്ടോ;

(ഇ) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകള്‍ പ്രകാരം ഉപഭോക്താവിന് ഏതു വ്യാപാരിയില്‍ നിന്നും സാധനങ്ങള്‍ വാങ്ങുവാനുള്ള സ്വാതന്ത്ര്യം നിക്ഷേധിക്കുന്ന തരത്തിലുള്ള തീരുമാനങ്ങള്‍ കൈകൊള്ളുവാന്‍ അധികാരം നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും ബോഡി, ഗവണ്‍മെന്റ് തലത്തില്‍ പ്രവര്‍ത്തിക്കുന്നുണ്ടോ;

(എഫ്) ഒരു ഉപഭോക്താവ് എത്ര രൂപയുടെ സാധനങ്ങള്‍ വാങ്ങുമ്പോഴാണ് കൂപ്പണ്‍ നല്‍കേണ്ടത് എന്നു തീരുമാനിക്കാനുള്ള അവകാശം ഏതെങ്കിലും സംഘടനയുടെ തല്‍പര്യത്തിനനുസരിച്ച് നിശ്ചയിക്കുവാന്‍ അനുവാദം നല്‍കിയത് ഏതു നിയമപ്രകാരമാണ്;

(ജി) ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവല്‍ വെബ്സൈറ്റിലും ഇതുമായി ബന്ധപ്പെട്ട സര്‍ക്കാര്‍ പരസ്യങ്ങളിലും ഒരു വിഭാഗത്തെ മാത്രം പ്രതിനിധാനം

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ളിലും ഒരു വിഭാഗത്തെ മാത്രം പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെ മുദ്രയും പരസ്യവും ഉൾപ്പെടുത്തിയത് ഗവൺമെന്റ് മുദ്രകളും ലോഗോ കളും ദുരുപയോഗം ചെയ്യുവാൻ ഗവൺമെന്റ് കൂട്ടു നില്ക്കുന്നതിനു തുല്യമാണ് എന്നു മനസ്സിലാക്കി പ്രസ്തുത നടപടികൾ ഒഴിവാക്കുവാൻ തയ്യാറാ വുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിലെ പോരായ്മകൾ

1049 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന്റെ പോരായ്മകൾ വൈകല്ല്യങ്ങൾ ചൂണ്ടിക്കാട്ടി ഏതെങ്കിലും വ്യാപാരി സംഘടനകൾ ബഹു. ഹൈക്കോടതിയിൽ പരാതി നൽകുകയുണ്ടായോ;

(ബി) എങ്കിൽ ഏതെല്ലാം സംഘടനകളാണ് പരാതി നൽകിയത്;

(സി) ഇത് സംബന്ധിച്ച് സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ബഹു. ഹൈക്കോടതി ഇക്കാര്യത്തിൽ എന്ത് നിർദ്ദേശമാണ് നൽകിയത്;

(ഇ) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(എഫ്) ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ട യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഉൾനാടൻ ജലഗതാഗത ടൂറിസം

1050 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായലുകളെയും അനുബന്ധ കനാലുകളെയും നദികളെയും ഉൾപ്പെടുത്തി വിനോദസഞ്ചാര പദ്ധതികൾ കൂടുതൽ വികസിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ഉൾനാടൻ ജലഗതാഗത സൗകര്യം വികസിപ്പിച്ചും സൗന്ദര്യവത്ക്കരിച്ചും വിനോദസഞ്ചാര മേഖലയ്ക്ക് ഉപയോഗപ്പെടുത്താനുള്ള സമഗ്ര പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ;

(സി) സംസ്ഥാനത്തെത്തുന്ന വിദേശവിനോദ സഞ്ചാരികളിൽ എത്ര ശതമാനം ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട മേഖലകൾ സന്ദർശിക്കുന്നുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സരയൂ ടൂറിസം പദ്ധതി</u>

1051 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ സരയൂ ടൂറിസം പദ്ധതിഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രവർത്തനം മുന്നോട്ട് നീങ്ങുന്നതിന് എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ആർക്കിയോളജി അനുമതിക്കുവേണ്ടി, ആവശ്യമായ മുഴുവൻ രേഖകളും ബന്ധപ്പെട്ടവർ സമർപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ആർക്കിയോളജി അനുമതി എത്രയും വേഗം ലഭ്യമാക്കി പദ്ധതിപ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പെരുന്തേനരുവി/മണിയാർ ടൂറിസം പദ്ധതികൾ</u>

1052 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ടൂറിസ്റ്റ് പദ്ധതിക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഈ തുക ഉപയോഗിച്ച് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെ; എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; മൂന്നാംഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നത്; പ്രോജക്ട് ആയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മണിയാർ ഡാം ടൂറിസം പദ്ധതിയ്ക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ഇതിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്; നിർമ്മാണച്ചുമതല ആർക്കായിരുന്നു; എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്; ഇതിനായി എത്ര തുക ചെലവാക്കി; ബാക്കി നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) ഈ ടൂറിസം പദ്ധതി പൂർണ്ണമായ തോതിൽ നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ചിറക്കുളം ടൂറിസം പദ്ധതി</u>

1053 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കാണക്കാരി പഞ്ചായത്തിലെ ചിറക്കുളം ടൂറിസം പദ്ധതിക്കായി സമർപ്പിച്ച പ്രൊപ്പോസലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ചിറക്കുളം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിൽ നിലവിലുള്ള പി2/15373/12 എന്ന ഫയലിന്റെ തുടർ നടപടി വ്യക്തമാക്കാമോ; ഈ ഫയലിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ?

**കേരള നിയമസഭ**
**08.01.2014–ലെ മറുപടിക്ക്**

<u>ചിമ്മിനി ഡാം ഇക്കോ ടൂറിസം പദ്ധതി</u>

1054 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാം ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) 2-ാം ഘട്ടം പദ്ധതിയുടെ പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുളിമാത്ത് കടലുകാണി ടൂറിസം പദ്ധതി</u>

1055 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ കടലുകാണി ടൂറിസം പദ്ധതിയുടെ നിര്‍മ്മാണ പ്രവര്‍ത്തനം പൂര്‍ത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതില്‍ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; നിര്‍മ്മാണ കരാര്‍ ഏറ്റെടുത്തിരിക്കുന്ന ഏജന്‍സി ഏതാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകള്‍ നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത പരാതിയിന്‍മേല്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതി</u>

1056 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കോവളം ബീച്ച് ലൈറ്റിംഗ് പദ്ധതി</u>

1057 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളം ബീച്ച് ലൈറ്റിംഗ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സമഗ്ര കോവളം വികസന പദ്ധതിയിൽ സൗരോർജ്ജ ബീച്ച് ലൈറ്റിംഗ് പദ്ധതി ഉൾപ്പെടുത്തിയിരുന്നുവോ; ഇതിനായി ട്രിവാൻഡ്രം സിറ്റി ഗ്ളോബൽ ഇനിഷ്യേറ്റീവിനെ നിയോഗിക്കുകയുണ്ടായോ;

(സി) സമഗ്ര കോവളം വികസന പദ്ധതിയുടെ ഉദ്ഘാടന വേളയിൽ സോളാർ പാനലുകൾ പ്രദർശിപ്പിച്ച സ്ഥാപനം ഏതായിരുന്നു;

(ഡി) കോവളത്ത് സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി സരിത എസ്. നായർ ടൂറിസം വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ എന്തായിരുന്നു; ആയതിന്മേൽ മന്ത്രി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) ഏത് സ്ഥാപനം വഴി സോളാർ പദ്ധതി നടപ്പിൽ വരുത്താനായിരുന്നു ശ്രീമതി സരിത എസ്. നായർ നിർദ്ദേശം സമർപ്പിച്ചിരുന്നത്?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>ആക്കുളത്തെ അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ</u>

1058 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ആക്കുളത്ത് നിർമ്മിക്കാൻ പദ്ധതിയിട്ട അന്താരാഷ്ട്ര കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) എന്തെല്ലാം സൗകര്യങ്ങളോടുകൂടിയതായിരുന്നു നിർദ്ദിഷ്ട കൺവെൻഷൻ സെന്റർ; അന്താരാഷ്ട്ര കോൺഫറൻസുകൾ നടത്താനുള്ള സൗകര്യം ലക്ഷ്യമിട്ടിട്ടുണ്ടോ;

(സി) നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഒറ്റപ്പാലത്ത് കുട്ടികളുടെ പാർക്ക്

1059 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് രാഷ്ട്ര പിതാവിന്റെ പേരിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്;

(ബി) പ്രസ്തുത പാർക്ക് നിർമ്മാണത്തിന് പാലക്കാട് ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പാർക്കിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ ടൂറിസം സ്ഥാപനങ്ങൾ

1060 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി ഏതെല്ലാം സ്ഥാപനങ്ങൾ എവിടെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവർത്തനം നിലച്ചതോ, നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്തതോ ആയ എത്ര സ്ഥാപനങ്ങൾ എവിടെല്ലാമുണ്ടെന്ന് അറിയിക്കുമോ;

(സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കും, സ്വകാര്യ സംരംഭകർക്കും ടൂറിസം വകുപ്പ് എന്തെല്ലാം പ്രോത്സാഹനവും, സഹായവും ലഭ്യമാക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

## <u>'സർഗ്ഗാലയ' ക്രാഫ്റ്റ് വില്ലേജ്</u>

1061 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഇരിങ്ങൽ 'സർഗ്ഗാലയ' ക്രാഫ്റ്റ് വില്ലേജിന്റെ വികസനത്തിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) ക്രാഫ്റ്റ് വില്ലേജിനെ നോർത്ത് കേരളാ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിന് നൽകിയ ശുപാർശയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇരിങ്ങൽ സർഗ്ഗാലയയുടെ വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

## ബേക്കൽ കൾച്ചർ സെന്റർ നിർമ്മാണം

1062 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. ആർ. ഡി. സി. യുടെ ഭാഗമായ ബേക്കൽ കൾച്ചർ സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ബി. ആർ. ഡി. സി. യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ബി. ആർ. ഡി. സി. തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിയ സാഹചര്യത്തിൽ മേൽ പ്രവൃത്തി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കോഴിക്കോട്, മുഴപ്പിലങ്ങാട് ബീച്ചുകളിൽ കെ. ടി. ഡി. സി ഹോട്ടലുകൾ

1063 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മുഴപ്പിലങ്ങാട് ബീച്ചുകളിൽ ഹോട്ടലുകൾ സ്ഥാപിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് കെ. ടി. ഡി. സി എടുത്ത നടപടികൾ ഇപ്പോൾ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മുഴപ്പിലങ്ങാട് ഇതിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തു;

(സി) കോഴിക്കോട് ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധിച്ച് എത്ര ഏക്കർ സ്ഥലം ടൂറിസം വകുപ്പ് കെ.ടി. ഡി.സി യ്ക്ക് നൽകുകയുണ്ടായി;

(ഡി) നിർദ്ദിഷ്ട സ്ഥലത്തിൽ എത്ര മുറികളോട് കൂടിയ ഹോട്ടലുകൾ നിർമ്മിക്കാനാണ് പദ്ധതി ഇട്ടിരിക്കുന്നത്?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

പാലൂർക്കോട്ട വെള്ളച്ചാട്ടം

1064 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലൂർകോട്ട വെള്ളച്ചാട്ടം ടൂറിസം ഏരിയയായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വെള്ളച്ചാട്ടം ടൂറിസം ഏരിയയായി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ടൂറിസം വികസനം</u>

1065 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം വൈപ്പിൻ മണ്ഡലത്തിലെ ടൂറിസം മേഖലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കെ. ടി. ഡി. സി. യുടെ ഓഡിറ്റ് റിപ്പോർട്ട്</u>

1066 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഓഡിറ്റഡ് റിപ്പോർട്ട് പ്രകാരമുള്ള ലാഭനഷ്ട കണക്കുകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും കെ. ടി. ഡി.സി നടത്തിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ചെലവ് വിശദമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷകാലത്ത് ഓരോ വർഷവും കെ. ടി. ഡി.സി വായ്പ വാങ്ങിയ തുക എത്ര; സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായം എത്ര;

(ഡി) കെ. ടി. ഡി. സി. യുടെ ഇപ്പോഴത്തെ ബാധ്യതകൾ എന്തെല്ലാമാണ്;

(ഇ) കെ. ടി. ഡി.സി വരുന്ന വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പ്രവൃത്തികൾ എന്തൊക്കെ; അവ ഓരോന്നും ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ലൈഫ് ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥകൾ</u>

1067 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിമാരുടെ നിയമനം</u>

1068 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ സെക്രട്ടറിമാരെ നിയമിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്താണ്; വ്യവസ്ഥകൾ പാലിക്കാതെ നിയമിക്കപ്പെട്ട ഡി. ടി. പി.സി. സെക്രട്ടറിമാർ ആരൊക്കെയാണ്;

(ബി) സർവ്വീസിൽ സ്ഥിരത നേടിയിട്ടില്ലാത്ത എത്ര പേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ഡി. ടി. പി. സി. സെക്രട്ടറിയായി നിയോഗിച്ചിട്ടുണ്ട്; താൽക്കാലിക ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടെങ്കിൽ ഏത് നിയമ വ്യവസ്ഥപ്രകാരമാണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ബി. ആർ. ഡി. സി. ഓഫീസിലെ വിജിലൻസ് റെയ്ഡ്

1069 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി. ആർ. ഡി. സി. ഓഫീസ്, വിജിലൻസ് റെയ്ഡ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയ്ഡിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>അടൂർ നിയോജക മണ്ഡലത്തിലെ വിനോദ സഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

1070 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് അടൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങളും സാമ്പത്തിക വർഷ ക്രമത്തിൽ ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2013 ഡിസംബർ 30.

പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്

[ചട്ടം 47(1)].